# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *1 — 23.01.2018 ൽ മറുപടിക്ക്

## പുതിയ ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ KIIFB പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ 44 വിവിധ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു). ഇതിൽ താഴെപ്പറയുന്ന 19 ആശുപത്രികളിൽ ഡയാലിസിസ് സെന്ററിന്റെ പണി പൂർണ്ണമായും പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം, ആലപ്പുഴ |
| | | | താലൂക്ക് ആശുപത്രി, ചാലക്കുടി, തൃശൂർ |
| | | | ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ |
| | | | താലൂക്ക് ആശുപത്രി ഫറോക്ക്, കോഴിക്കോട് |
| | | | ജില്ലാ ആശുപത്രി, നെടുമങ്ങാട്, തിരുവനന്തപുരം |
| | | | താലൂക്ക് ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം |
| | | | ജില്ലാ ആശുപത്രി, അടൂർ |
| | | | ജില്ലാ ആശുപത്രി, മാവേലിക്കര |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചെങ്ങന്നൂർ |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ, എറണാകുളം |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പിറവം, എറണാകുളം |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി |
| | | | താലൂക്ക് ആശുപത്രി, ബാലുശ്ശേരി |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം, പാലക്കാട് |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മണ്ണാറക്കാട്, |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ്, കണ്ണൂർ |

| | | | |
|---|---|---|---|
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി |
| | | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ |
| | | | ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നെടുങ്ങോലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഹരിപ്പാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വർക്കല താലൂക്ക് ആശുപത്രി, കട്ടപ്പന താലൂക്ക് ആശുപത്രി, അടിമാലി താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഒപ്പം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഡയാലിസിസ് യൂണിറ്റുകൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത താലൂക്ക് ആശുപത്രികളിൽ അവ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | അനുവദിക്കപ്പെട്ട ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത ആശുപത്രികളിൽ സൗകര്യപ്രദമായ കെട്ടിടം, തടസ്സം കൂടാതെയുള്ള വൈദ്യുതി ലഭ്യത, സാങ്കേതിക ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നീ നടപടികൾ പൂർത്തിയാക്കി ഈ വർഷം തന്നെ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ(എം) വകുപ്പ്

നം.802109/എം 1/2016/ആ.കു.വ തിരുവനന്തപുരം, തീയതി: 28/06/2017.

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്,

മാനേജിംഗ് ഡയറക്ടർ,

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ,

തിരുവനന്തപുരം.

മാഡം,

വിഷയം- ആ.കു.വ - ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആസ്ഥാന ആശുപത്രികൾ എന്നിവിടങ്ങളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് പുതിയ ആശുപത്രികളെ ഉൾപ്പെടുത്തി അനുമതി നൽകുന്നത്-സംബന്ധിച്ച്.

സൂചന – 1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19/08/2016 ലെ എം.െസ്.പി-3/59363/2016/DHS നമ്പർ കത്ത്.

2. 26/03/2016 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

3. താങ്കളുടെ 31/05/2017 ലെ കെ.എം.എസ്.സി.എൽ/EP/1038/2016 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) കത്തിൽ അനുമതി നല്കിയിരുന്ന ആശുപത്രികളുടെ പട്ടികയിൽ ഭേദഗതി വരുത്തിയ താഴെ പ്പറയുന്ന 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നു.

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | തിരുവനന്തപുരം | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല |
| 2 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുമങ്ങാട് |
| 3 | കൊല്ലം | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി |
| 4 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കടയ്ക്കൽ |
| 5 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ശാസ്താംകോട്ട |

| | | |
|---|---|---|
| 6 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി കൊട്ടാരക്കര |
| 7 | പത്തനംതിട്ട | ജനറൽആശുപത്രി അടൂർ |
| 8 | | ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| 9 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, റാന്നി |
| 10 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി തിരുവല്ല |
| 11 | ആലപ്പുഴ | ജില്ലാ ആശുപത്രി, മാവേലിക്കര |
| 12 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി ചെങ്ങന്നൂർ |
| 13 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി ചെട്ടിക്കാട് |
| 14 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി കായംകുളം |
| 15 | കോട്ടയം | ജനറൽ ആശുപത്രി പാല |
| 16 | എറണാകുളം | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി നോർത്ത് പറവൂർ |
| 17 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി പെരുമ്പാവൂർ |
| 18 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി പിറവം |
| 19 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി ഫോർട്ട് കൊച്ചി |
| 20 | | ജനറൽ ആശുപത്രി, മൂവാറ്റുപുഴ |
| 21 | തൃശ്ശൂർ | ജില്ലാ ആശുപത്രി വടക്കാഞ്ചേരി |
| 22 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി ചാലക്കുടി |
| 23 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി കൊടുങ്ങല്ലൂർ |
| 24 | | താലൂക്ക് ആശുപത്രി കുന്നംകുളം |
| 25 | | താലൂക്ക് ആശുപത്രി പുതുക്കാട് |
| 26 | | താലൂക്ക് ആശുപത്രി ചാവക്കാട് |
| 27 | പാലക്കാട് | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി ഒറ്റപ്പാലം |
| 28 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി മണ്ണാർക്കാട് |
| 29 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി ആലത്തൂർ |
| 30 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി ചിറ്റൂർ |
| 31 | മലപ്പുറം | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി തിരൂരങ്ങാടി |
| 32 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരിന്തൽമണ്ണ |
| 33 | കോഴിക്കോട് | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി കൊയിലാണ്ടി |
| 34 | | താലൂക്ക് ആശുപത്രി ഫെറോക്ക് |
| 35 | | താലൂക്ക് ആശുപത്രി ബാലുശ്ശേരി |
| 36 | കണ്ണൂർ | ജനറൽ ആശുപത്രി തലശ്ശേരി |
| 37 | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി തളിപറമ്പ |

| | | |
|---|---|---|
| 38 | | താലൂക്ക് ആശുപത്രി, പേരാവൂർ |
| 39 | | താലൂക്ക് ആശുപത്രി, കൂത്തുപറമ്പ |
| 40 | | താലൂക്ക് ആശുപത്രി, ഇരിട്ടി |
| 41 | | താലൂക്ക് ആശുപത്രി, പഴയങ്ങാടി |
| 42 | | താലൂക്ക് ആശുപത്രി, പയ്യന്നൂർ |
| 43 | കാസർ ഗോഡ് | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം |
| 44 | | താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ |

മേൽ ആശുപത്രികളിൽ ഡയാലിസിസ് സ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറുമായി കൂടിയാലോചിച്ച് അടിയന്തിരമായി നടപ്പിലാക്കാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ
ദിലീപ് സി.ഡി.
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ആഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

നം.802109/എം1/2017

തിരുവനന്തപുരം

തീയതി : 21.11.2017

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

മാനേജിംഗ് ഡയറക്ടർ

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

സർ,

വിഷയം : ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജില്ല/താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. 26.03.2016 ലെയും 28.06.2016 ലെയും ഇതേ നമ്പർ കത്ത്

2. താങ്കളുടെ 01.09.2017 ലെ കെ.എം.എസ്.സി.എൽ/EP/1038/16 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ സാദരം ക്ഷണിക്കുന്നു. KIIFB പദ്ധതി മുഖേന ചെട്ടിക്കാട്, പുതുകാട് എന്നീ താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയത് സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേക്ക് ഡയാലിസിസ് യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നു.

ടി ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സത്വര നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുമായി കൂടിയാലോചിച്ച് അടിയന്തരമായി നടപ്പിലാക്കാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**ദിലീപ്.സി.ഡി**

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ